"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - തിരുവനന്തപുരം ജില്ല - നേമം ബ്ലോക്ക് - കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കല്ലിയൂർ പകലൂർ മന്നം മെമ്മോറിയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി - കരാറിലേർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.437/2025/DMD തീയതി,തിരുവനന്തപുരം, 27-06-2025

പരാമർശം:- 1. 09.12.2022 തീയതിയിലെ സ. ഉ. (സാധാ) നം. 867/2022/ഡി.എം.ഡി.

2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 08.04.2025, 24.06.2025 തീയതികളിലെ DCTVM/4161/2023-H2 നമ്പർ കത്തുകൾ

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം പത്ത് ലക്ഷം രൂപയുടെ ഭരണാനുമതി നേമം ബ്ലോക്ക്, കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കല്ലിയൂർ പകലൂർ മന്നം മെമ്മോറിയൽ റോഡ് പ്രവൃത്തിക്ക് ലഭിച്ചിട്ടുണ്ട്. പ്രതികൂല കാലാവസ്ഥ കാരണം പലപ്പോഴും പണി നിർത്തിവയ്ക്കേണ്ടിവന്നതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതെന്നും അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിനും പൂർത്തീകരണത്തിനുമുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന നേമം ബ്ലോക്ക്, കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കല്ലിയൂർ പകലൂർ മന്നം മെമ്മോറിയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് (ഫയൽ നം.DMB1/83/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 28-06-2025 14:32:59

പകർപ്പ്: ദുരന്തനിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്